I ഇ.ബി. XV -  കേരള നിയമസഭ/X-8

# പതിനഞ്ചാം കേരള നിയമസഭ

## പത്താം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## 2024 ഫെബ്രുവരി 12, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക്  ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I ഗവർണറുടെ സന്ദേശം

2024 ജനുവരി 25-ാം  തീയതി സഭ അംഗീകരിച്ച നന്ദിപ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണർ നൽകിയ മറുപടി ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

## II അടിയന്തരപ്രമേയം

### വന്യജീവി ആക്രമണം

മി. സ്പീക്കർ: വയനാട് ചാലിഗദ്ദയിൽ നാട്ടിലിറങ്ങിയ കാട്ടാന ട്രാക്ടർ ഡ്രൈവറായ അജീഷിനെ വീട്ടുമുറ്റത്തുവച്ച് ചവിട്ടിക്കൊന്ന സംഭവം വനയോര മേഖലയിലെ ജനങ്ങളിൽ ഉളവാക്കിയിട്ടുള്ള അരക്ഷിതാവസ്ഥയും ആശങ്കയും സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ടി. സിദ്ദിഖ്, പി. ഉബൈദുള്ള, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കർണ്ണാടക വനത്തിൽനിന്നും ജനുവരി 30-ാം തീയതി മയക്കുവെടിവച്ച് പിടിച്ച റേഡിയോ കോളർ ഘടിപ്പിച്ച ആനയാണ് ജനവാസകേന്ദ്രത്തിലെത്തി അജീഷ് എന്ന ചെറുപ്പക്കാരനെ ചവിട്ടിക്കൊന്നത്. റേഡിയോ കോളറിലൂടെയുള്ള സിഗ്നൽ ലഭിച്ചിട്ടും മുൻകരുതലെടുക്കാൻ കഴിഞ്ഞില്ലെന്നുള്ളതായിരുന്നു പ്രധാനമായും ഉയർന്നുവന്ന വിമർശനം. വൈകിയാണ് വിവരം ലഭിച്ചതെങ്കിലും രാവിലെ ആറ് മണിക്ക് തന്നെ വനം വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി സാധ്യമായ എല്ലാ നടപടികളും

സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പിലെ ജീവനക്കാരാണ് അപകടത്തിൽപ്പെട്ട ചെറുപ്പക്കാരനെ ആശുപത്രിയിലെത്തിച്ചത്. നാല് വെറ്ററിനറി ഡോക്ടർമാരുടെയും ആറ് ഡി.എഫ്.ഒ.-മാരുടെയും നേതൃത്വത്തിൽ പുൽപ്പള്ളി സ്റ്റേഷനിൽനിന്നും 150-ഓളം വനം വകുപ്പ് ജീവനക്കാർ പങ്കെടുത്തുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ അവിടെ നടന്നുവരികയാണ്. കൂടാതെ വനം വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ നേതൃത്വത്തിൽ അന്തർ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. വയനാട് ജില്ലയിലെ ഫോറസ്റ്റ് ഡിവിഷനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി പോലീസ്, റവന്യൂ വകുപ്പുകളുമായി ചേർന്ന് ഒരു കൺട്രോൾ റൂം പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ റാപ്പിഡ് റെസ്പോൺസ് ടീമിൽ പുതുതായി 170 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരെ നിയമിച്ച് രണ്ട് സ്പെഷ്യൽ ആർ.ആർ.ടി.-കൾ രൂപീകരിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അതിർത്തി മേഖലകളിലെ പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി മൂന്ന് സംസ്ഥാനങ്ങളിലെ പ്രിൻസിപ്പൽ

സെക്രട്ടറിമാരടങ്ങുന്ന ഉന്നതതല സമിതി രൂപീകരിക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അതിർത്തിമേഖലയിൽ പട്രോളിംഗ് ഉൾപ്പെടെയുള്ള പ്രതിരോധപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി സാധ്യമായ എല്ലാ നടപടിയും സ്വീകരിക്കുന്നതാണ്.

ശ്രീ. ടി. സിദ്ദീഖ്: വന്യജീവി ആക്രമണം തടയുന്നതിനുള്ള പദ്ധതികൾ സർക്കാർതലത്തിൽ നടപ്പിലാക്കാത്തതിനാലാണ് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നത്. കുടുംബത്തിലെ ഏക ആശ്രയമായ അജീഷ് അതിദാരുണമായാണ് കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടത്. വനയോരമേഖലയിൽ താമസിക്കുന്ന സാധാരണക്കാർക്ക് ഭയരഹിതമായി ജീവിക്കാനുള്ള അവകാശം ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം സർക്കാരിനാണ്. വന്യമൃഗങ്ങൾ രാപ്പകലില്ലാതെ വിഹരിക്കുന്നതിനാൽ വയനാട് ജില്ലയിലെ സാമൂഹികാന്തരീക്ഷം തകർന്നിരിക്കുകയാണ്. വയനാട് ജില്ലയുടെ ചുമതലയുള്ള മന്ത്രി കടുവയുടെ ആക്രമണത്തിൽ മരണമടഞ്ഞ പ്രജീഷിന്റെ വീട് സന്ദർശിക്കാനോ കുടുംബാംഗങ്ങളെ സാന്ത്വനിപ്പിക്കാനോ തയ്യാറാകാത്തത് പ്രതിഷേധാർഹമാണ്. വന്യമൃഗാക്രമണംമൂലം നിരവധിപേർ മരണപ്പെടുകയും കോടിക്കണക്കിന് രൂപയുടെ കൃഷി നാശം

സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മോഴയാന ജനുവരി 5-ന് മുത്തങ്ങ വൈൽഡ് ലൈഫ് സാങ്ച്വറിയിൽ എത്തിയെന്ന വിവരം ലഭിച്ചിട്ടും നിലവിലെ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി ട്രേസ് ചെയ്യാനോ സഞ്ചാരപഥം മനസ്സിലാക്കാനോ മനുഷ്യവാസ കേന്ദ്രങ്ങളിലേയ്ക്ക് കടക്കാതെ കാട്ടിലേയ്ക്ക് തുരത്തിയോടിക്കാനോ മുന്നറിയിപ്പ് നൽകാനോ യാതൊരു നടപടിയും സ്വീകരിക്കാത്തത് സർക്കാർ സംവിധാനത്തിന്റെ പരാജയമാണ്. വന്യജീവി ആക്രമണത്തോടനുബന്ധിച്ച് നടത്തുന്ന യോഗതീരുമാനങ്ങൾ കൃത്യമായി പാലിക്കാൻ നടപടി സ്വീകരിക്കണം. മയക്കുവെടിവയ്ക്കുന്നതിനും കൂട് സ്ഥാപിക്കുന്നതിനുമായി ദിവസങ്ങളോളം കാത്തിരിക്കേണ്ടിവരുന്നത് ഒഴിവാക്കേണ്ടതാണ്. വനയോരമേഖലയിൽ താമസിക്കുന്ന ജനങ്ങളുടെ ജീവൻ പൊലിയുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. ഒ. ആർ. കേളു</u>: ആനയിൽ ഘടിപ്പിച്ചിട്ടുള്ള റേഡിയോ കോളറിന്റെ നിയന്ത്രണം കർണ്ണാടക സർക്കാരിന്റെ കൈവശമായതിനാൽ യഥാസമയം കൃത്യമായ വിവരം വനം വകുപ്പുദ്യോഗസ്ഥർക്ക് ലഭിക്കാത്ത സാഹചര്യമുണ്ട്. കാട്ടാന ആക്രമണത്തെത്തുടർന്ന് ഡി.എഫ്.ഒ. ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ വനത്തിനുള്ളിൽ ക്യാമ്പ് ചെയ്യുന്നുണ്ട്. മാനന്തവാടി

നിയോജകമണ്ഡലത്തിൽ വന്യമൃഗാക്രമണം നേരിടുന്നതിനായി ഹാംഗിംഗ് ഫെൻസിംഗ്, എലിഫന്റ് ട്രഞ്ച് എന്നിവയുടെ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നു. ഇക്കാര്യം കേന്ദ്ര ഗവൺമെന്റുമായി കൂടിയാലോചിച്ച് കാലഘട്ടത്തിനനുസൃതമായി ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): കാട്ടാനയുടെ ആക്രമണമുണ്ടായശേഷം കൽപ്പറ്റ, മാനന്തവാടി നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുടെ സഹകരണത്തോടെ ജനങ്ങളുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. മാനന്തവാടിയിൽ കൊല്ലപ്പെട്ട അജീഷിന്റെ ആശ്രിതർക്ക് പത്ത് ലക്ഷം രൂപ ധനസഹായം നൽകാനും ജോലി സാധ്യത സംബന്ധിച്ച് പരിശോധിക്കാനും തീരുമാനിച്ചിട്ടുള്ളതിനുപുറമെ കുടുംബത്തിന് കൂടുതൽ സഹായം നൽകുന്നത് സംബന്ധിച്ച് പരിശോധിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്ത് പ്രകോപനാന്തരീക്ഷം സൃഷ്ടിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ തടയുന്നതിന് ഉത്തരവാദപ്പെട്ട കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളതോടൊപ്പം പട്രോളിംഗ് ഉൾപ്പെടെ നടത്തി ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നല്ല രീതിയിലുള്ള പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. ഈ സംഭവുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ ഒരു

വീഴ്ചയുമുണ്ടാവില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**III ശ്രദ്ധക്ഷണിക്കൽ**

(1) നെല്ല് സംഭരണം

ശ്രീ. കെ. ഡി. പ്രസേനൻ: നെൽ കർഷകർക്ക് സംഭരണ വില സമയബന്ധിതമായി ലഭ്യമാക്കുന്നതിൽ ഈ സർക്കാർ മാതൃകാപരമായ നിലപാടാണ് സ്വീകരിച്ചുവരുന്നത്. എന്നാൽ കേന്ദ്രസർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന കടുത്ത അവഗണനമൂലം കുറച്ചുകാലമായി കർഷകർക്ക് നെല്ലുവില സമയബന്ധിതമായി ലഭിക്കുന്നില്ല. സംഭരണവില യഥാസമയം ലഭ്യമാക്കാത്തതിനെതിരെ പ്രതിഷേധിക്കാൻ കേരളത്തിൽ നിന്നുള്ള എം.പി.-മാർ തയ്യാറാകാത്തത് കർഷകരുടെ ദുരിതം

ഇരട്ടിയാക്കുന്നു. കേന്ദ്രസർക്കാർ ജന്മിത്വ മനോഭാവം കാണിക്കുമ്പോഴും ബാങ്കുകളിൽനിന്നും കടം വാങ്ങി നെൽവിലയും ഇൻസെന്റീവും നൽകി സംസ്ഥാന സർക്കാർ കർഷകരെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നത്. കേന്ദ്രം നൽകുന്ന തുകയ്ക്ക് പുറമെ പ്രത്യേക ധനസഹായവും കയറ്റുകൂലിയുടെ ഒരു വിഹിതവും ചാക്കിന്റെ വിലയും വീടുകളിൽ ചെന്ന് സംഭരണം നടത്തുന്നതിനുള്ള അധിക ബാധ്യതയും സർക്കാർ നൽകുന്നുണ്ട്. എന്നാൽ സംഭരണ ചുമതല ഏറ്റെടുക്കാൻ തയ്യാറാകാതെ സ്വകാര്യ മില്ലുകാർ മാറിനിൽക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഒന്നാം വിളക്കാലത്ത് സർക്കാർ വിതരണം ചെയ്ത തുകപോലും കർഷകർക്ക് ലഭിക്കുന്നില്ല. ഈ സാഹചര്യത്തിൽ നെല്ല് സംഭരണത്തിൽ ഇപ്പോഴുണ്ടാകുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിനും നെല്ല് സംഭരണത്തിന്റെ പരിധി മാറ്റി നിശ്ചയിക്കുന്നതിനും സർക്കാർ തയ്യാറാകണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): നെല്ല് സംഭരണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഊർജ്ജിതമായി നടന്നുവരുന്നു. നെല്ല് സംഭരണത്തിൽ സപ്ലൈകോയ്ക്ക് നൽകാനുള്ള 614.98 കോടി രൂപ കേന്ദ്രസർക്കാർ തടഞ്ഞുവച്ചിരിക്കുകയാണ്. സപ്ലൈകോ ബയോമെട്രിക് പ്രൊക്വയർമെന്റ് സംവിധാനം ഏർപ്പെടുത്തിയതിലൂടെ സംഭരണ നടപടികൾ

കുറ്റമറ്റതാക്കുന്നതിനും കർഷകർക്ക് വേഗത്തിൽ നെല്ലിന്റെ വില ലഭ്യമാക്കുവാനും സാധിക്കുന്നതാണ്.

(2) <u>വായ്പാ കുടിശ്ശിക</u>

<u>ശ്രീ. സജീവ് ജോസഫ്</u>: വായ്പാ കുടിശ്ശിക കാരണമുള്ള ജപ്തി നടപടി സ്വീകരിക്കുന്നതുമൂലം കർഷകർ നേരിടുന്ന ആശങ്കയും പ്രതിസന്ധിയും പരിഹരിക്കുന്നതിനും കാർഷിക വിളകൾക്ക് ന്യായവിലയും വന്യമൃഗങ്ങളിൽനിന്ന് സംരക്ഷണവും നൽകുന്നതിനും നടപടി സ്വീകരിക്കണം. നാമമാത്ര കർഷകരെയും ദുർബ്ബല ജനവിഭാഗങ്ങളെയും കടക്കെണിയിൽനിന്നും സംരക്ഷിക്കുന്നതിന് അടിയന്തര ഇടപെടലുണ്ടാകുന്നതിനോടൊപ്പം പലിശയും പിഴപ്പലിശയും എഴുതിത്തള്ളുകയും പലിശരഹിത വായ്പാ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിക്കുകയും വേണം. സർഫാസി നിയമം ഭേദഗതി ചെയ്യാനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർഫാസി നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളും നിയമാനുസൃതം സ്വീകരിക്കുന്ന നടപടികളിൽ ഇടപെടുന്നതിന് സംസ്ഥാന സർക്കാരിന്

പരിമിതിയുണ്ട്. ജപ്തി നടപടികൾ ഒഴിവാക്കി നൽകുന്നതിനും വായ്പാ തിരിച്ചടവുകൾക്ക് സാവകാശം ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷകൾ അനുഭാവപൂർവ്വം പരിഗണിച്ച് പരമാവധി സഹായം അനുവദിക്കാനും സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നാഷണലൈസ്ഡ് ബാങ്കുകളൊഴികെ മറ്റു ബാങ്കുകളിൽ ഒ.ടി.എസ്., സ്പെഷ്യൽ സ്കീമുകൾ, മൊറട്ടോറിയം എന്നിവ ഇടയ്ക്കിടയ്ക്ക് നടപ്പിലാക്കിവരുന്നുണ്ട്. സർഫാസി നിയമം വന്നതിനുശേഷമുള്ള വായ്പാ കുടിശ്ശികയുടെ പ്രശ്നങ്ങൾ എസ്.എൽ.ബി.സി..-യിൽ ഉന്നയിച്ച് പരിഹാരം കാണാൻ ഇടപെടൽ നടത്താവുന്നതാണ്.

## IV സബ്മിഷൻ

### (1) കയ്പമംഗലം തീരദേശ സംരക്ഷണ പ്രവൃത്തികൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: കയ്പമംഗലം നിയോജകമണ്ഡലത്തിലെ ഹോട്ട്സ്പോട്ടിലുൾപ്പെട്ട തീരദേശ പ്രദേശങ്ങളിലെ സംരക്ഷണ പ്രവൃത്തികളുടെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കയ്പമംഗലം നിയോജകമണ്ഡലത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 8

പ്രവൃത്തികൾക്ക് 104.17 ലക്ഷം രൂപയുടെയും 2022-23-ലെ നാല് പ്രവൃത്തികൾക്കായി 106.4 ലക്ഷം രൂപയുടെയും 2023-24 സാമ്പത്തിക വർഷത്തിൽ 5 പ്രവൃത്തികൾക്കായി 61 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഹോട്ട്സ്പോട്ടുകളായ കയ്പമംഗലം, പൊന്നാനി, തലശ്ശേരി, കൊടുങ്ങല്ലൂർ, വലിയപറമ്പ് എന്നീ പ്രദേശങ്ങളുടെ സംരക്ഷണ പ്രവൃത്തികളുടെ കരട് രൂപരേഖയിൽ ജലസേചനവകുപ്പ് ചില സാങ്കേതിക മാറ്റങ്ങൾ മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിൽ എൻ.സി.സി.ആർ. (National Centre for Coastal Research) സ്ഥല പരിശോധന നടത്തി രൂപരേഖ തയ്യാറാക്കുന്നതിന് അധിക വിവരങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എൻ.സി.സി.ആർ. പ്രതിനിധികളുമായി ചർച്ച നടത്തി ഡിസൈൻ എത്രയുംവേഗം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(2) <u>കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതി</u>

<u>ശ്രീ. സി. ആർ. മഹേഷ്</u>: കരുനാഗപ്പള്ളി നഗരസഭയിലെ കുടിവെള്ള പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): ഞാങ്കടവ് കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ ശാസ്താംകോട്ട

ശുദ്ധീകരണശാലയിൽനിന്നുള്ള ജലത്തിന്റെ ഒരു ഭാഗം കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി പരിധിയിൽ ലഭ്യമാക്കാൻ സാധിക്കും. ഇതിനായി 52 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോലത്തുമുക്ക് മുതൽ തച്ചയിൽമുക്കുവരെ ശുദ്ധജല പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി ദേശീയപാതാ അതോറിറ്റിയിൽനിന്ന് റോഡ് കട്ടിംഗ് അനുമതി ലഭ്യമാകുന്നമുറയ്ക്ക് ആരംഭിക്കുന്നതാണ്. തച്ചയിൽമുക്കിൽ മൂന്ന് ലക്ഷം ലിറ്റർ ശേഷിയുള്ള പമ്പ്ഹൗസിന്റെയും അനുബന്ധ നിർമ്മാണ പ്രവൃത്തികൾകളുടെയും നടപടി പുരോഗമിക്കുന്നു. നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ ശുദ്ധജല ദൗർലഭ്യം പരിഹരിക്കാൻ സാധിക്കുന്നതാണ്.

### (3) ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി.യിൽ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. സനീഷ്കുമാർ ജോസഫ്: ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സംസ്ഥാനത്തെ എസ്.ഇ.ബി.സി. പട്ടികയിലും ഒ.ഇ.സി. വിദ്യാഭ്യാസ സഹായത്തിനായി തെരഞ്ഞെടുത്തിട്ടുള്ള പട്ടികയിലും ചവളക്കാരൻ

സമുദായത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി. പട്ടികയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ലെങ്കിലും ആറ് ലക്ഷം രൂപ കുടുംബ വാർഷിക വരുമാന പരിധി നിശ്ചയിച്ച് വിദ്യാഭ്യാസ-സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കിവരുന്നുണ്ട്.

(4) സഞ്ചാര സ്വാതന്ത്ര്യം പുന:സ്ഥാപിക്കൽ

ശ്രീമതി കാനത്തിൽ ജമീല: കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കോരപ്പുഴ മുതൽ മൂരാട്പാലം വരെയുള്ള റെയിൽവേ ട്രാക്കിന് ഇരുവശത്തും താമസിക്കുന്നവരുടെ സഞ്ചാര സ്വാതന്ത്ര്യം പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ കോരപ്പുഴ മുതൽ മൂരാട്പാലം വരെയുള്ള താമസക്കാർ റെയിൽവേ ട്രാക്ക് മറികടന്ന് ഇരുവശത്തേയ്ക്കും പോകുന്നതിനായി ഉപയോഗിച്ചിരുന്ന പടികൾ പൊളിച്ചുമാറ്റിയിട്ടുണ്ട്. റെയിൽവേ ഭൂമി അതിക്രമിച്ച് കടക്കുന്നത് റെയിൽവേ നിയമപ്രകാരം ശിക്ഷാർഹമായതിനാൽ ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തിനായി ഫുട്

ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് റെയിൽവേ അധികൃതരോട് ആവശ്യപ്പെടാവുന്നതാണ്.

(5) പൊന്മുടി ഗവ. യു.പി. സ്കൂളിന്റെ ചുറ്റുമതിൽ നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: പൊന്മുടി ഗവ. യു.പി. സ്കൂൾ കോമ്പൗണ്ടിന്റെ അതിർത്തി നിർണ്ണയം പൂർത്തിയാക്കി ചുറ്റുമതിൽ നിർമ്മിച്ച് സുരക്ഷ ഉറപ്പാക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പൊന്മുടി ഗവ. യു.പി. സ്കൂളിന്റെ കൈവശമുള്ള 47 സെന്റ് സ്ഥലത്ത് സുരക്ഷാവേലി നിർമ്മിക്കണമെന്ന് അടിയന്തര നിർദ്ദേശം നല്കിയിട്ടുണ്ട്. സ്കൂളിന് വനംവകുപ്പ് അനുവദിച്ച 2.25 ഏക്കർ ഭൂമി വേർതിരിച്ച് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് അനുമതി നല്കണമെന്ന ആവശ്യം പരിശോധിച്ചെങ്കിലും ഭൂമി കൈമാറ്റം നടന്നതായി രേഖകളിൽ കാണുന്നില്ല. യു.പി. സ്കൂളിന് 1.10 ഏക്കർ ഭൂമിയും റെസിഡൻഷ്യൽ സ്കൂളിന് 2.25 ഏക്കർ ഭൂമിയും അനിവാര്യമാണെന്ന വിദ്യാഭ്യാസ ഉപഡയറക്ടറുടെ ആവശ്യം പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(6) കേരള സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. മോൻസ് ജോസഫ്: കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറവിലങ്ങാട് കോഴാ കേന്ദ്രമാക്കി ആരംഭിച്ച സയൻസ് സിറ്റിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കുറവിലങ്ങാട് സയൻസ് സിറ്റിയുടെ ആദ്യഘട്ട പ്രവൃത്തിയിലുൾപ്പെടുത്തിയിരുന്ന സയൻസ് സെന്റർ, മോഷൻ സിമുലേറ്റർ കെട്ടിടം, ആംഫി തിയേറ്റർ കെട്ടിടം, എൻട്രൻസ് പ്ലാസ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. സ്പേസ് തീയേറ്റർ നിർമ്മാണം പൂർത്തിയാക്കുന്നതിന് പുതിയ ദർഘാസ് ക്ഷണിക്കുന്നതിന് നടപടിയാരംഭിച്ചിട്ടുണ്ട്. ക്യാമ്പസ്സിനുള്ളിലെ റോഡുകളുടെ നിർമ്മാണം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം എന്നിവ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ചും നടപടിക്രമങ്ങൾ പൂർത്തിയാക്കിയും സയൻസ് സിറ്റി സമയബന്ധിതമായി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## (7) മലമ്പുഴ ഉദ്യാന നവീകരണം

ശ്രീ. എ. പ്രഭാകരൻ: മലമ്പുഴ ഉദ്യാന നവീകരണത്തിന് പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ടൂറിസം വകുപ്പ് വിഭാവന ചെയ്ത പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് ജലവിഭവ വകുപ്പുമായി സംയുക്തയോഗം ചേരുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): മലമ്പുഴയെ മികച്ച വിനോദ സഞ്ചാര കേന്ദ്രമാക്കി ഉയർത്തുന്നതിന് ടൂറിസം വകുപ്പ് വിഭാവന ചെയ്ത രണ്ട് പദ്ധതികളും ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. മലമ്പുഴ ഉദ്യാന നവീകരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സംയുക്ത യോഗം വിളിക്കുന്നതാണ്.

## (8) തിരുവനന്തപുരം നഗരത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ

ശ്രീ. വി. കെ. പ്രശാന്ത്: മാനവീയം വീഥി, ശംഖുംമുഖം വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ സെന്റർ, ആക്കുളം അഡ്വഞ്ചർ ടൂറിസം പാർക്ക്, അയ്യങ്കാളി ഹാളിന് മുൻവശത്തുള്ള റോഡ് നവീകരണമുൾപ്പെടെ തിരുവനന്തപുരം

നഗരത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തിരുവനന്തപുരം നഗരത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് വൈവിദ്ധ്യമാർന്ന പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ട്. മാനവീയം വീഥിയെ സാംസ്കാരിക ഇടനാഴിയാക്കിമാറ്റാൻ കഴിഞ്ഞിട്ടുണ്ട്. അയ്യങ്കാളി ഹാളിന് മുൻവശത്തുള്ള റോഡ്, നഗരത്തിലെ പ്രധാനപ്പെട്ട ജംഗ്ഷനുകൾ, മഹാന്മാരുടെ പ്രതിമകൾ എന്നിവ ആകർഷകമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ശംഖുംമുഖത്തിന്റെ പ്രൗഢി തിരിച്ചെത്തിക്കുന്ന പ്രവർത്തനങ്ങൾ തുടരുകയാണ്. ആക്കുളം അഡ്വഞ്ചർ ടൂറിസം പാർക്കിലെ ഗ്ലാസ് ബ്രിഡ്ജ് പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ബൈപാസ് മുതൽ ആക്കുളം പാർക്കുവരെ റോഡ് സൗന്ദര്യവൽക്കരിക്കാനും പാലങ്ങൾ ആകർഷകമാക്കാനുമുള്ള പദ്ധതിയുടെ ഭാഗമായി ചന്ദ്രശേഖരൻ നായർ സ്റ്റേഡിയം പാലം, ബേക്കറി ജംഗ്ഷൻ ഫ്ലൈ ഓവർ എന്നിവ ദീപാലങ്കൃതമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

(9) ആശുപത്രി ജീവനക്കാരുടെ അഭാവം

ശ്രീ. കെ. പി. എ. മജീദ്: തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ വിവിധ ആശുപത്രികളിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കുടുംബാരോഗ്യ കേന്ദ്രങ്ങളിലും താലൂക്കാശുപത്രിയിലും ആർദ്രം മാനദണ്ഡപ്രകാരമുള്ള ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. അംഗീകൃത തസ്തികകൾക്കുപുറമെ എൻ.എച്ച്.എം/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/എച്ച്.എം.സി. മുഖാന്തരം ഡോക്ടർമാരുടെയും മറ്റ് അവശ്യ വിഭാഗം ജീവനക്കാരുടെയും സേവനം ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരൂരങ്ങാടി താലൂക്കാശുപത്രിയിൽ റേഡിയോഗ്രാഫർ തസ്തികയിൽ നിലവിൽ ഒഴിവില്ല. ഗൈനക്കോളജി വിഭാഗത്തിലെ രണ്ട് കൺസൾട്ടന്റ് തസ്തികകളിൽ ഒരാൾ അൺ ആതറൈസ്ഡ് ആബ്സന്റും മറ്റൊരാൾ ലീവിലുമാണ്. ജെ.പി.എച്ച്.എൻ. തസ്തികയിൽ എണ്ണൂറോളം പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി. നിയമനം നടത്തുന്നതുവരെ അഡ്ഹോക്ക് വ്യവസ്ഥയിൽ ആരോഗ്യ കേന്ദ്രങ്ങളിൽ ജീവനക്കാരെ

നിയമിച്ചിട്ടുണ്ട്. അനധികൃത അവധിയെടുക്കുന്ന ജീവനക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (10) <u>ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം</u>

<u>ശ്രീ. കെ. പ്രേംകുമാർ</u>: ഒറ്റപ്പാലം ഇൻഡോർ സ്റ്റേഡിയം പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകി സ്റ്റേഡിയം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ)</u>: ഒറ്റപ്പാലം സ്റ്റേഡിയം പ്രവൃത്തിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 2 കോടി രൂപ തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിൽ വകയിരുത്തിയിരുന്നു. ഈ പ്രവൃത്തിയുടെ നിർവ്വഹണ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും കായിക വകുപ്പിലേയ്ക്ക് മാറ്റി ഉത്തരവ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയം നിർമ്മാണത്തിനുള്ള വിശദമായ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

## V ധനകാര്യം

### 2024-25 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതുചർച്ച

മി. ഡെപ്യൂട്ടി സ്പീക്കർ: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ വികസനമുന്നേറ്റത്തിന് കേന്ദ്രം തടയിടുമ്പോൾ കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും ക്ഷേമം ലക്ഷ്യംവച്ചുകൊണ്ടുള്ള ബജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ആയുഷ് മേഖലയിലെ കേരളത്തിന്റെ ശ്രദ്ധേയമായ മുന്നേറ്റത്തെ നീതി ആയോഗ് അഭിനന്ദിച്ചത് അഭിമാനകരമാണ്. രാജ്യത്തെ അതിദരിദ്രരില്ലാത്ത ആദ്യ സംസ്ഥാനമായി കേരളത്തെ മാറ്റാനുള്ള കർമ്മപദ്ധതികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. റേഷൻ കടയിലെത്തി ഭക്ഷ്യധാന്യങ്ങൾ വാങ്ങാൻ കഴിയാത്തവർക്ക് റേഷൻ എത്തിച്ചുനൽകാൻ പ്രദേശത്തെ ഓട്ടോറിക്ഷക്കാരുടെ സഹകരണത്തോടെ ആവിഷ്കരിച്ച 'ഒപ്പം' പദ്ധതി ഘട്ടംഘട്ടമായി എല്ലാ താലൂക്കുകളിലും ആരംഭിക്കാനുള്ള ശ്രമം അഭിനന്ദനാർഹമാണ്. ഗതാഗത സൗകര്യമില്ലാത്ത വനമേഖലകളിലും ആദിവാസി ഊരുകളിലും വാതിൽപ്പടി റേഷൻ എത്തിച്ചുനൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കാര്യക്ഷമമായ വിപണി ഇടപെടലിന് സപ്ലൈകോയെ പ്രാപ്തമാക്കാൻ പ്രത്യേക പാക്കേജായി 500 കോടി രൂപ വകയിരുത്തണം. കെ-സ്റ്റോറുകളിലൂടെ

ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങൾ വിൽക്കാനും കൂടുതൽ സേവനങ്ങൾ ലഭ്യമാക്കാനും സാധിക്കേണ്ടതുണ്ട്. പശ്ചാത്തലസൗകര്യം വർദ്ധിപ്പിച്ച് രണ്ട് മാസത്തെ വിതരണത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കാൻ കഴിയുന്ന തരത്തിൽ റേഷൻ കടകളെ മാറ്റാൻ പ്രത്യേക പാക്കേജ് അനുവദിക്കണം. ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി പ്രതിവർഷം 30000-ലധികം പേർക്ക് സംസ്ഥാന സർക്കാർ നിയമനം നൽകിയിട്ടുണ്ട്. പരിവർത്തനം ചെയ്ത നെൽവയലുകൾ സമയബന്ധിതമായി പൂർവ്വസ്ഥിതിയിലാക്കാൻ തുക വകയിരുത്തുകയും അനധികൃത നെൽവയൽ പരിവർത്തനത്തിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുകയും വേണം. 2021-22 സാമ്പത്തിക വർഷത്തിൽ കാർഷിക മേഖലയിൽ 4.64% വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം ചെയ്യാൻ കാർഷിക കമ്പനി രൂപീകരിച്ചിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി നടപ്പാക്കാൻ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കടുത്ത സാമ്പത്തിക ഞെരുക്കത്തിലും കൃഷി വകുപ്പിന് 839.72 കോടി രൂപ വകയിരുത്തിയതിനെ പ്രശംസിക്കുന്നതിനൊപ്പം വകുപ്പിന്റെ തനത് പദ്ധതികൾക്ക് കൂടുതൽ തുക

വകയിരുത്തണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. കർഷകത്തൊഴിലാളി ക്ഷേമനിധി കുടിശ്ശിക ഇനത്തിൽ 500 കോടി രൂപ അനുവദിക്കുകയും ക്രയവിക്രയം ചെയ്യുന്ന ഭൂമിക്കുള്ള സെസ്സ്, ഭൂമി തരംമാറ്റത്തിനുള്ള ഫീസ് എന്നിവ കർഷകത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കുന്ന കാര്യം പരിശോധിക്കുകയും കർഷകത്തൊഴിലാളി ക്ഷേമനിധി പെൻഷന് വരുമാന സർട്ടിഫിക്കറ്റ് വേണമെന്ന നിബന്ധന ഒഴിവാക്കുകയും വേണം. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് പ്രകാരമുള്ള പദ്ധതികളെ അനാവശ്യമായി എതിർക്കുന്ന ധനകാര്യ വകുപ്പിന്റെ നടപടി തിരുത്താനാവശ്യമായ ഇടപെടൽ നടത്തണം. അടൂരിൽ വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥലത്ത് വ്യവസായ പാർക്ക് സ്ഥാപിക്കാനും കൊടുമൺ ഇന്റർനാഷണൽ സ്റ്റേഡിയത്തോടനുബന്ധിച്ച് സ്പോർട്സ് സ്കൂൾ ആരംഭിക്കാനും പന്തളം മെഡിക്കൽ മിഷൻ മുതൽ മണികണ്ഠൻ ആൽത്തറ വരെ എലിവേറ്റഡ് ഹൈവേ നിർമ്മിക്കാനുമുള്ള നടപടി സ്വീകരിക്കണം.

ശ്രീ. ഡി. കെ. മുരളി: ബജറ്റിനെ അനുകൂലിക്കുന്നു. വെല്ലുവിളികളും ആശങ്കകളും അതിജീവിച്ച് സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്താനുതകുന്ന നിർദ്ദേശങ്ങളാണ് ബജറ്റിലുള്ളത്. നികുതി, നികുതിയേതര വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചത്

സർക്കാരിന്റെ നേട്ടമാണ്. വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരുന്ന ബജറ്റ് പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കുകയും ഫിസ്കൽ ഫെഡറലിസത്തെ തകർക്കുകയും ചെയ്യുന്ന കേന്ദ്ര നിലപാടിനെതിരെയുള്ള സമരത്തിൽ പ്രതിപക്ഷം പങ്കുചേരാതിരുന്നത് അപലപനീയമാണ്. കിഫ്ബിയും പെൻഷൻ കമ്പനിയും എടുക്കുന്ന വായ്പകളെ സംസ്ഥാന സർക്കാർ വായ്പയായി പരിഗണിച്ച് കേരളത്തിന്റെ കടമെടുപ്പ് പരിധി വെട്ടിച്ചുരുക്കി കടമെടുക്കാനുള്ള അവകാശത്തെ കേന്ദ്ര സർക്കാർ നിഷേധിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: ബജറ്റിനെ എതിർക്കുന്നു. ഭക്ഷ്യ, കൃഷി, റവന്യൂ വകുപ്പുകളെ യഥോചിതം പരിഗണിക്കാത്തതും സംസ്ഥാനത്തെ സമസ്ത മേഖലകളെയും തകർക്കുന്നതും വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും മാത്രമുള്ളതുമായ ബജറ്റാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അഴിമതിയും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയ സർക്കാർ സംസ്ഥാനത്തിന്റെ പൊതുകടം 4,29,270/- കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വിദേശ മൂലധന നിക്ഷേപം നടത്തുമെന്ന പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുന്നു. വളർച്ചാ നിരക്ക് 16% വർദ്ധിച്ചുവെന്ന് അവകാശപ്പെടുന്നതിനാലാണ് ജി.എസ്.ടി നഷ്ടപരിഹാരം സംസ്ഥാനത്തിന്

ലഭിക്കാത്തത്. ഫിസ്കൽ ഡെഫിസിറ്റ് ഗ്രാന്റിൽ ഏറ്റവും കൂടുതൽ തുക ലഭിച്ച സംസ്ഥാനം കേരളമാണ്. സംസ്ഥാന വിഹിതത്തിൽ ധനകാര്യ കമ്മീഷൻ കുറവ് വരുത്തിയ കേന്ദ്ര നിലപാട് നിരാശാജനകമാണ്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്ര സർക്കാർ വർദ്ധിപ്പിക്കണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിലും വിലക്കയറ്റം നിയന്ത്രിക്കുന്നതിലും ജീവനക്കാരുടെ ഡി.എ. കുടിശ്ശിക നൽകുന്നതിലും സർക്കാർ മുന്തിയ പരിഗണന നൽകണം.

<u>ശ്രീ. പി. എസ്. സുപാൽ</u>: കേരളത്തിന്റെ സമഗ്ര വികസനത്തിന് കരുത്തേകുന്ന ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാരിന്റെ പ്രതിലോമ നടപടികൾ കാരണം സംസ്ഥാനത്തിന്റെ വരുമാനത്തിൽ 57,000 കോടിയിലധികം രൂപയുടെ കുറവ് വന്നിട്ടുണ്ട്. കേന്ദ്ര സർക്കാർ സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കുമ്പോഴും തനത് വരുമാനം വർദ്ധിപ്പിച്ച് മുന്നോട്ടുപോകാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, അടിസ്ഥാനസൗകര്യ വികസനം തുടങ്ങിയ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാനും നാഷണൽ ഹൈവേ, മലയോരഹൈവേ, തീരദേശപാത, ദേശീയ ജലപാത ഉൾപ്പെടെയുള്ള വികസനപ്രവർത്തനങ്ങൾ യാഥാർത്ഥ്യമാക്കാനും ചെറുകിട വ്യവസായ മേഖലയിൽ നിരവധി സംരംഭങ്ങൾ ആരംഭിക്കാനും

പതിനായിരക്കണക്കിനാളുകൾക്ക് തൊഴിൽ നൽകാനും റബ്ബറിന്റെ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. രാജ്യത്ത് ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനങ്ങൾ നടക്കുന്നത് കേരളത്തിലാണ്. പരമ്പരാഗത കശുവണ്ടി, തോട്ടം മേഖലകളെ ശക്തിപ്പെടുത്താനും ടൂറിസം മേഖലയെ ശക്തിപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞത് അഭിനന്ദനാർഹമാണ്. സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയില്ലാതെ നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും കൂടുതൽ തുക അനുവദിക്കണം. ഫെഡറലിസ സ്വഭാവത്തെ അട്ടിമറിച്ചുകൊണ്ട് പ്രവർത്തിക്കുന്ന കേന്ദ്രസർക്കാരിനെതിരെ സംസ്ഥാന സർക്കാർ ഡൽഹിയിൽ നടത്തിയ സമരത്തിൽ പ്രതിപക്ഷാംഗങ്ങൾ പങ്കെടുക്കാത്തത് പ്രതിഷേധാർഹമാണ്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ബജറ്റിനെ എതിർക്കുന്നു. ഭാവിയിലേയ്ക്ക് യാതൊരു പ്രതീക്ഷയും നൽകാത്ത ബജറ്റാണിത്. മുമ്പ് എതിർത്തിരുന്ന പല നയങ്ങളുടെയും നടത്തിപ്പുകാരായി ഇടതുപക്ഷം മാറുന്ന കാഴ്ചയാണ് ഈ ബജറ്റിലൂടെ കാണാൻ സാധിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്

നൽകേണ്ട മൂന്നാംഗഡു യഥാസമയം അനുവദിക്കാത്തതും ട്രാവൻകൂർ സിമെന്റ്സിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വിൽക്കുന്ന നടപടിയും അപലപനീയമാണ്. വ്യവസായികളുടെ വിശ്വാസം ആർജ്ജിച്ചാൽ മാത്രമേ സംസ്ഥാനത്ത് വ്യവസായം വരികയുള്ളൂ. സംസ്ഥാന സർക്കാരിന്റെ ധൂർത്തും സാമ്പത്തിക അച്ചടക്കമില്ലായ്മയും നികുതി വകുപ്പിന്റെ കെടുകാര്യസ്ഥതയുമാണ് സാമ്പത്തിക പ്രതിസന്ധി ഇത്രയും ഗുരുതരമാക്കിയത്. ഉന്നതവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനും നികുതി കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാനും സാധിക്കണം.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ബജറ്റിനെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധിക്കിടയിലും ക്ഷേമപ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും യാതൊരു തടസ്സവും കൂടാതെ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ തനതുവരുമാനത്തിൽ കഴിഞ്ഞ കാലയളവിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി കേരളത്തിന് വിഹിതം നൽകാത്തതും ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കിയതും സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ സാരമായി

ബാധിച്ചിട്ടുണ്ട്. കേന്ദ്ര പൂളിൽനിന്നുമുള്ള സെസ്, സർച്ചാർജ്ജിനത്തിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്നിവ തടഞ്ഞുവച്ചിരിക്കുന്നത് പ്രതിഷേധാർഹമാണ്. റബ്ബറിന്റെ താങ്ങുവില വർദ്ധിപ്പിച്ച നടപടി അഭിനന്ദനാർഹമാണെങ്കിലും റബ്ബർ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിക്കാനും റബ്ബർ കർഷകരുടെ ആഗോളതല ഏകോപനത്തിന് മുൻകൈ എടുക്കാനും കൂടംകുളം പവർ ഹൈവേയുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം നൽകാനും ആസ്തി വികസന ഫണ്ട് അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളിൽ കാലോചിതമായ മാറ്റം വരുത്താനും നടപടി സ്വീകരിക്കണം.

<u>ശ്രീമതി കെ. കെ. രമ</u>: ബജറ്റിനെ എതിർക്കുന്നു. കെട്ടിടനിർമ്മാണ ഫീസ് വർദ്ധിപ്പിച്ചതും സ്ത്രീസുരക്ഷയ്ക്കായി പദ്ധതി ആവിഷ്കരിക്കാത്തതും കുടുംബ കോടതിയിൽ വ്യവഹാരങ്ങൾക്കുള്ള ഫീസ് വർദ്ധിപ്പിച്ചതും ഉന്നത വിദ്യാഭ്യാസരംഗം സ്വകാര്യവത്കരിക്കാനുള്ള നീക്കവും നാളികേര വികസന പദ്ധതിക്ക് മതിയായ തുക നീക്കി വയ്ക്കാത്തതും റബ്ബറിന്റെ താങ്ങുവില നാമമാത്രമായി വർദ്ധിപ്പിച്ചതും ഖേദകരമാണ്. യഥാസമയം ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാൻ സാധിക്കാത്തതും ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനും ജീവനക്കാരുടെ

കുറവ് പരിഹരിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്താത്തതും പ്രതിഷേധാർഹമാണ്.

ശ്രീ. ലിന്റോ ജോസഫ്: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തുനിന്നും പിരിക്കുന്ന നികുതിക്കാനുപാതികമായ വിഹിതം നൽകാത്ത കേന്ദ്രനടപടി അപലപനീയമാണ്. കിഫ്ബി മുഖാന്തരം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയതും ലൈഫ് മിഷൻ പദ്ധതിയിലൂടെ വീടുകൾ നിർമ്മിച്ച് നൽകിയതും സാമൂഹ്യ ക്ഷേമപെൻഷന് അർഹരായ ഗുണഭോക്താക്കളുടെ എണ്ണത്തിലും പെൻഷൻ തുകയിലും വർദ്ധനവ് വരുത്താൻ സാധിച്ചതും അഭിനന്ദനാർഹമാണ്. കേരളത്തിന്റെ പൊതുആവശ്യം നേടിയെടുക്കാനുള്ള യോജിച്ചുള്ള പ്രക്ഷോഭത്തിന് പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിലും പ്രതിശീർഷ വരുമാനത്തിലും തനത് വരുമാനത്തിലും വർദ്ധനവുണ്ടാക്കാൻ സാധിച്ചത് അഭിമാനാർഹമാണ്. കേന്ദ്ര വായ്പ എടുക്കുന്നതിൽ പരിധി നിശ്ചയിച്ചത് ധനപ്രതിസന്ധിക്ക് കാരണമായി. ചെലവ് ചുരുക്കുന്ന കാര്യത്തിൽ സർക്കാർ സ്വീകരിച്ച നിലപാട് സ്വാഗതാർഹമാണ്.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: ബജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമ പെൻഷൻ കുടിശ്ശികയടക്കം നൽകുമെന്നുള്ള പ്രഖ്യാപനം പ്രശംസനീയമാണ്. കേന്ദ്ര സർക്കാർ കാപിറ്റൽ എക്സ്പെൻഡിച്ചർ ഫണ്ടിൽ തുക വകയിരുത്താത്തതിനെ സംബന്ധിച്ച പ്രതിപക്ഷ നിലപാട് അപലപനീയമാണ്. കാർഷിക മേഖല, സഹകരണ മേഖല, ഉന്നതവിദ്യാഭ്യാസ മേഖല, കെ.എസ്.ആർ.ടി.സി., ലൈഫ് മിഷൻ പദ്ധതി, തൊഴിലാളി ക്ഷേമം, പരമ്പരാഗത തൊഴിൽ മേഖല എന്നിവയ്ക്ക് ബജറ്റിൽ തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പൂർത്തീകരണത്തോടെ ലോകഭൂപടത്തിൽ സംസ്ഥാനത്തിന് പ്രത്യേക സ്ഥാനം ലഭ്യമാകുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി</u>: ബജറ്റിനെ അനുകൂലിക്കുന്നു. ഇടതുപക്ഷ സർക്കാരിന്റെ നിശ്ചയദാർഢ്യത്തോടുകൂടിയുള്ള ഇടപെടലുകളുടെ ഭാഗമായി കേരളത്തെ മുൻനിരയിൽ എത്തിക്കാൻ കഴിഞ്ഞുവെന്നത് നേട്ടമാണ്. സംസ്ഥാന ഗവൺമെന്റിനർഹതപ്പെട്ട കോടിക്കണക്കിന് തുക തടഞ്ഞുവച്ചിരിക്കുന്ന കേന്ദ്ര സർക്കാർ നടപടി പ്രതിഷേധാർഹമാണ്.

ഡോ. മാത്യൂ കുഴൽനാടൻ: ബജറ്റിനെ എതിർക്കുന്നു. കേരളം നേരിടുന്ന പ്രതിസന്ധി തരണംചെയ്യാൻ ഉതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഡോ. മാത്യൂ കുഴൽനാടന് അഴിമതിയാരോപണം ഉന്നയിക്കുന്നതിനുള്ള അനുമതി നിഷേധിച്ചതിനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസ്സിനുസമീപം വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരിക്കുകയും തുടർന്ന് അദ്ദേഹത്തെ സംസാരിക്കാൻ അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ ഉപനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രീമതി ശാന്തകുമാരി കെ.: ബജറ്റിനെ അനുകൂലിക്കുന്നു. പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുന്ന നയമാണ് കേന്ദ്രം സ്വീകരിച്ചുവരുന്നത്. രാജ്യത്തിന്റെ മതനിരപേക്ഷതയേയും ജനാധിപത്യത്തേയും സാമൂഹ്യ വ്യവസ്ഥിതിയേയും അട്ടിമറിക്കുന്ന സമീപനങ്ങൾ സ്വീകരിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്. സാധാരണ ജനവിഭാഗങ്ങൾക്ക് പ്രതീക്ഷ നൽകുന്നതും നവകേരളത്തിന്റെ

സമഗ്ര സൃഷ്ടിക്കുവേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതുമായ ഈ ബജറ്റ് ജനങ്ങൾ സ്വീകരിക്കുമെന്നുള്ളതിൽ തർക്കമില്ല.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്താനുതകുന്ന പദ്ധതി നിർദ്ദേശങ്ങളാണ് ഈ ബജറ്റിലുള്ളത്. ജനകീയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുപകരം സംസ്ഥാന വിരുദ്ധ താല്പര്യങ്ങൾക്ക് പ്രതിപക്ഷം ഊന്നൽകൊടുക്കുന്നത് ഖേദകരമാണ്. കേന്ദ്ര സർക്കാരിന്റെ നയങ്ങളോടുള്ള പ്രതിപക്ഷത്തിന്റെ സമീപനം പ്രതിഷേധാർഹമാണ്. സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് 400 കോടി രൂപയുടെ കുടിശ്ശിക നൽകാനുണ്ടെന്നുള്ളത് കേരളത്തോടുള്ള കേന്ദ്ര അവഗണനയുടെ ഉത്തമ ഉദാഹരണമാണ്. വടക്കാഞ്ചേരി ഓട്ടുപാറയിലെ ജില്ലാശുപത്രിക്ക് ഒരു ഐ.പി. ബ്ലോക്ക് പണിയുന്നതിനാവശ്യമായ തുക കിഫ്ബിയിൽനിന്ന് അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: ബജറ്റിനെ അനുകൂലിക്കുന്നു. നികുതിവരുമാനം വർദ്ധിപ്പിച്ച് സമസ്ത മേഖലകളിലും കൈവരിച്ച നേട്ടങ്ങൾ സംരക്ഷിച്ച് കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള

നിർദ്ദേശങ്ങളടങ്ങിയ ബജറ്റാണിത്. കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധത്തെ ന്യായീകരിക്കുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കേരളത്തിലെ ജനങ്ങളെ ഒരുമയോടെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നത് സർക്കാരിന്റെ നേട്ടമാണ്. കേരളത്തോടുള്ള കേന്ദ്രഗവൺമെന്റിന്റെ അവഗണനയ്ക്കെതിരെ പ്രതിഷേധിക്കാനുള്ള ആർജ്ജവം പ്രതിപക്ഷം കാണിക്കണം.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ബജറ്റിനെ എതിർക്കുന്നു. വണ്ടിച്ചെക്ക് കേസിൽ കബളിപ്പിക്കപ്പെടുന്നവർക്ക് കേസ് കൊടുക്കണമെങ്കിൽ ഒരു നിശ്ചിത തുക കെട്ടിവയ്ക്കണമെന്നുള്ള നിബന്ധന, ഫാമിലി കോർട്ടിലെ അശാസ്ത്രീയമായ കോർട്ട് ഫീ, റിയൽ എസ്റ്റേറ്റ് മേഖലയിലെ രജിസ്ട്രേഷൻ നിരക്കുകൾ എന്നിവ പുന:പരിശോധിക്കണം. മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കണ്ണംകുണ്ട് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എ.എസ്. ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ബജറ്റിൽ ആയിരം കോടി രൂപ നിർമ്മാണമേഖലയ്ക്ക് മാറ്റിവച്ചിട്ടുള്ളതിൽ പൊട്ടിപ്പൊളിഞ്ഞ ഗ്രാമീണ റോഡുകളുടെ നവീകരണ പ്രവർത്തനങ്ങൾകൂടി ഉൾപ്പെടുത്തണം. ഭിന്നശേഷിക്കാർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കാലാവധി അവസാനിക്കാറായ പോലീസ് വകുപ്പിലെ റാങ്ക്

പട്ടികയിൽനിന്നും നിയമനം നടത്താനും ആവശ്യമായ ഇടപെടൽ നടത്തണം.

ശ്രീ. ഇ. കെ. വിജയൻ: ബജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സ്ഥായിയായ വളർച്ച നിലനിർത്തുന്നതിനും ക്ഷേമ-ആശ്വാസ നടപടികളും വികസന പ്രവർത്തനങ്ങളും തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിനും ഉതകുന്ന ബജറ്റാണിത്. വിദ്യാലയങ്ങൾ, ആശുപത്രികൾ, റോഡുകൾ, പാലങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിലെല്ലാം സമഗ്രമായ മാറ്റം കൊണ്ടുവരാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. മുടങ്ങിക്കിടന്ന ദേശീയപാത, ജലപാത, തീരദേശപാത, മലയോര ഹൈവേ എന്നിവയുടെ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. വിദ്യാഭ്യാസം, ആരോഗ്യം, ഭവന നിർമ്മാണം തുടങ്ങി സമസ്ത മേഖലകളിലും വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. കുറഞ്ഞത് രണ്ടുവർഷം വിദേശത്ത് ജോലി ചെയ്ത് തിരിച്ചുവരുന്ന പ്രവാസികൾക്ക് 50,000/- രൂപ വരെ ചികിത്സാ ധനസഹായം, 1,00,000/- രൂപ വരെ മരണാനന്തര ധനസഹായം, 15,000/-രൂപ വരെ വിവാഹ ധനസഹായം, സാന്ത്വനം പദ്ധതിക്ക് 33 കോടി രൂപ എന്നിവ പ്രഖ്യാപിച്ചിട്ടുള്ളത് അഭിനന്ദനാർഹമാണ്. മാവേലി സ്റ്റോറുകളെ

സജീവമാക്കുന്നതിനുള്ള പദ്ധതികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. വിദേശ സർവ്വകലാശാല ആരംഭിക്കുന്ന കാര്യത്തിൽ നയപരമായ തീരുമാനമെടുക്കണം. കൃഷി, ക്ഷീരവികസനം, മൃഗസംരക്ഷണം തുടങ്ങി സമസ്ത മേഖലകളെയും ശക്തിപ്പെടുത്തുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കണം. തൊഴിലില്ലായ്മ വർദ്ധിക്കുന്ന സാഹചര്യത്തിലും 43 ശതമാനം പേർക്ക് പി.എസ്.സി. മുഖേന തൊഴിൽ നൽകിയ ഏക സംസ്ഥാനം കേരളമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: ബജറ്റിനെ എതിർക്കുന്നു. സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിക്കുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളൊന്നും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. 7 വർഷംകൊണ്ട് 365531 വീടുകൾ മാത്രമാണ് സർക്കാരിന് ലൈഫ് പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളത്. പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാന്റ്സ്, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ശമ്പളം, പെൻഷൻ എന്നിവ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു (നെന്മാറ): ബജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രസർക്കാരിന്റെ പുതിയ സാമ്പത്തിക നയങ്ങളാണ് സംസ്ഥാനത്തിന്റെ ധനപ്രതിസന്ധിക്ക് കാരണം. കഞ്ചിക്കോട് കോച്ച് ഫാക്ടറി, ശബരിപാത,

എയിംസ് തുടങ്ങി സംസ്ഥാനത്തിന്റെ ദീർഘകാലമായുള്ള ആവശ്യങ്ങളോട് കേന്ദ്ര ഗവൺമെന്റ് നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. റോഡുകളുടെ നിർമ്മാണത്തിന് 1000 കോടി രൂപ മാറ്റി വച്ചതും സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഒരു ഗഡു ഡി.എ. പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. സർക്കാർ ജീവനക്കാരുടെ പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്നും ലൈഫ് മിഷനിലൂടെ അഞ്ച് ലക്ഷം പേർക്ക് വീട് നൽകുമെന്നുമുള്ള പ്രഖ്യാപനം പ്രതീക്ഷ നൽകുന്നതാണ്.

(സഭ വൈകുന്നേരം 03.05-ന് പിരിഞ്ഞു.)

****